LIBRARY ARCHIVES Kerala Legislative Assembly

നഗരങ്ങളിൽ ബഹുനില പാർക്കിംഗ് സംവിധാനം

263 (4014) ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. പാലോട് രവി :

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ വാഹനങ്ങൾക്ക് ബഹുനില പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ മരാമത്ത് വകുപ്പ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) നഗരങ്ങളിൽ വാഹനങ്ങൾക്ക് ബഹുനില പാർക്കിംഗ് സംവിധാനം നിർമ്മിക്കാൻ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് പദ്ധതികളൊന്നും രൂപീകരിച്ചിട്ടില്ല. എന്നാൽ ഗവൺമെന്റ് സെക്രട്ടേറിയറ്റ് കോമ്പസിനുള്ളിലെ വാഹന പാർക്കിംഗിനുള്ള രൂക്ഷമായ സ്ഥല പരിമിതി പരിഗണിച്ച് സെക്രട്ടേറിയറ്റ് മെയിൻ കോമ്പസിൽ ദർബാർ ഹാളിനു പുറകുവശത്തായി ഒരു ബഹുനില കാർ പാർക്കിംഗ് സംവിധാനം സ്ഥാപിക്കുന്നതിനുവേണ്ടി 26-9-2014-ലെ ജി.ഒ. (എംഎസ്.) നമ്പർ 270/2014/പൊ.ഭ.വ. എന്ന ഉത്തരവ് പ്രകാരം 462 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിലുള്ള താൽക്കാലിക കെട്ടിടം പൊളിച്ച് മാറ്റി 5 നിലകളിലായി 240 കാറുകൾ പാർക്ക് ചെയ്യുന്നതിനുള്ള പദ്ധതിക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത സ്ഥലത്ത് പ്രവർത്തിച്ചുവരുന്ന ഓഫീസുകൾ സെക്രട്ടേറിയറ്റ് അനക്സ് II കെട്ടിടത്തിലേക്ക് മാറുന്ന മുറയ്ക്ക്, പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. സുരക്ഷയ്ക്ക് മുന്തിയ പരിഗണന നൽകി പൂർണ്ണമായും ഓട്ടോമാറ്റിക് സംവിധാനത്തിൽ പ്രവർത്തിക്കുന്ന രീതിയിലാണ് ബഹുനില പാർക്കിംഗ് സംവിധാനം രൂപകൽപ്പന ചെയ്തിട്ടുള്ളത്.